# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6507** | **10-07-2024 - ൽ മറുപടിയ്ക്ക്**

### ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികവർഗ്ഗ പ്രദേശത്തെ നവീകരണ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒരുമിച്ചു താമസിക്കുന്ന ഏതൊക്കെ പ്രദേശങ്ങളിലാണ് വിവിധ നവീകരണ പ്രവൃത്തികൾ നടത്തുന്നതെന്ന് ഓരോ പദ്ധതിയുടെയും വിശദാംശങ്ങളടക്കം വ്യക്തമാക്കാമോ? | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികവർഗ്ഗ മേഖലകളിൽ നടത്തിയ സമഗ്ര വികസന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

1. ചെകിടൻമല കുടിവെള്ള പദ്ധതി - 2017-18 (അടങ്കൽ തുക 21 ലക്ഷം രൂപ)

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ ചെകിടൻമല നഗറിൽ കിണർ നവീകരണം, പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ, ഇലക്ട്രിക് കണക്ഷനോടുകൂടി പമ്പ്സെറ്റ് മോട്ടോർ സ്ഥാപിക്കൽ, ടാങ്ക് സ്ഥാപിക്കൽ എന്നിവയും, പ്രവർത്തി പൂർത്തീകരിച്ച് ശേഷിക്കുന്ന തുകയ്ക്ക് വാട്ടർ ടാങ്കിന് സംരക്ഷണ വേലി (മെറ്റൽ ഗ്രിൽ), വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് സംരക്ഷണ ഭിത്തി നിർമ്മാണം, വീടുകളിൽ നൽകിയിരിക്കുന്ന വാട്ടർ കണക്ഷനുകൾക്ക് സിമന്റ് പ്ലാറ്റ്ഫോം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുണ്ട്.

2. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി - 2021-22 (അടങ്കൽ തുക 1 കോടി രൂപ)

കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അമ്പലക്കുന്ന് നഗറിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തി | ചെലവഴിച്ച തുക |
|---|---|
| സാംസ്കാരികനിലയം നിർമ്മാണം | 47,24,739/- രൂപ |
| ഭവന പുനരുദ്ധാരണം & ഭവനനിർമ്മാണം | 19,77,893/- രൂപ |
| ലാന്റ് ഡെവലപ്മെന്റ് | 9,94,440/- രൂ |
| കാവ് നവീകരണം | 96,635/- രൂപ |

| | | | |
|---|---|---|---|
| | | | |

സെക്ഷൻ ഓഫീസർ